<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>

(ഹാജർ : M.G. RAJAMANICKAM IAS)

<u>സംഗ്രഹം</u>

വിഷയം : തസ്വഭവ - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - തദ്ദേശ സ്വയം ഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിലെ ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി) ശ്രീ. വിനോദ് കുമാർ പി. -യെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/6697/2024-GEA2 തീയതി: 10-06-2024</u>**

പരാമർശം:

1) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻറെ 11.12.2015 ലെ RE III (3) 870/2015- 27 നമ്പർ നിയമന ശുപാർശ.
2) കൊല്ലം ജില്ലാ പി.എസ്.സി യുടെ 04.10.2018 ലെ QR II (3) 1874/13 നമ്പർ നിയമന ശുപാർശ.
3) 27.03.2023 ലെ LSGD/PD/2601/2023- DEE5 നമ്പർ ഉത്തരവ്.
4) 05.05.2023 -ലെ LSGD/PD/12377/2023-GEA4 നമ്പർ ഉത്തരവ്.
5) ഈ ആഫീസിലെ 27/04/2024 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

<u>ഉത്തരവ്</u>

പരാമർശം (1) നിയമന ശുപാർശ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി) തസ്തികയിൽ 01.02.2016 - ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. വിനോദ് കുമാർ പി.-യ്ക്ക് പരാമർശം (2) നിയമന ശുപാർശ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 2 (എൽ.ഡി.വി.) ആയി നിയമനം ലഭിച്ചതിനെത്തുടർന്ന് 23.10.2018 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന്, മാതൃ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി) തസ്തികയിൽ പുനർ നിയമനത്തിന് അപേക്ഷ സമർപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 8- ലെ വ്യവസ്ഥകൾക്കു വിധേയമായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിൽ ടിയാനെ തിരികെ പ്രവേശിപ്പിച്ച് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകിയിട്ടുണ്ട്.

ശ്രീ. വിനോദ് കുമാർ പി. മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്ത് 02.05.2018 പ്രാബല്യ തീയതിയിലുള്ള ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത ലിസ്റ്റിൽ ടിയാൻ ക്രമ നമ്പർ 48 ആയി ശ്രീ. ബിജി എബ്രഹാമിനും ശ്രീ.ജയരാജ്.ആർ - നും ഇടയിലായി ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 31.01.2023 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ശ്രീ.വിനോദ് കുമാറിൻറെ പേര് ഉൾപ്പെട്ടിട്ടില്ല.

കെ.എസ്& എസ്.എസ്.ആർ ഭാഗം II ചട്ടം -8 ലെ നാലാമത്തെ പ്രോവിസോയുടെ ചുവടെയുള്ള കുറിപ്പ് (3) പ്രകാരം, മാതൃ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് അഞ്ചു വർഷത്തിനകമാണ് പുനർ നിയമനമെങ്കിൽ ചട്ടം 8 (a) വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള സീനിയോറിറ്റി സംരക്ഷണം

ലഭിക്കുന്നതിന് അർഹതയുണ്ട്. ശ്രീ.വിനോദ് കുമാർ പി. 01.02.2018 - ൽ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീ.വിനോദ് കുമാർ.പി -യെ നിലവിൽ പ്രാബല്യത്തിലുള്ള 31.01.2023 തീയതി വരെയുള്ള ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിലെ ജീവനക്കാരുടെ പരാമർശം (4) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 69, ഷൈജു. പി.ജെ യുടേയും ക്രമ നമ്പർ 70 രാജേഷ് .സി - യുടേയും ഇടയിലായി ക്രമ നമ്പർ 69 A ആയി (അതായത്, ഡ്രൈവർ ഗ്രേഡ് -2 (എച്ച്.ഡി.വി) തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ആദ്യ പേരുകാരനായി) ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടീസിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ. വിനോദ് കുമാർ പി. -യെ 31.01.2023 തീയതി പ്രാബല്യത്തിലുള്ള ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിലെ ജീവനക്കാരുടെ പരാമർ ശം (4) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 69.ഷൈജു.പി.ജെ-യുടേയും ക്രമ നമ്പർ.70 രാജേഷ്.സി-യുടേയും ഇടയിലായി ക്രമ നമ്പർ 69 A ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ്:
1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീ. വിനോദ് കുമാർ.പി, ഡ്രൈവർ ഗ്രേഡ് -2 (എച്ച്.ഡി.വി) , തിരുവനന്തപുരം നഗര (തിരുവനന്തപുരം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖാന്തിരം)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE / DEE സെക്ഷനുകൾ
4. ഐ.റ്റി സെൽ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ /അധികം.

Signed by
Rajamanickam Marimuthu Gurusamy
Date: 10-06-2024 18:38:44